

TUESDAY 29/04/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/04/2025

1. തൃശൂർ പൂരം 2025-ന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിക്കുന്ന പൂരം എക്സിബിഷനിൽ കാർഷിക സർവകലാശാല പുറത്തിറക്കിയ പുതിയ വിത്തിനങ്ങൾ പുതിയ സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനവും സർവകലാശാല വികസിപ്പിച്ചെടുത്ത വിത്തുകൾ, നടീൽ വസ്തുക്കൾ, വാല്യൂ ആഡഡ് പ്രോഡക്ടസ്, ജൈവജീവാണു വളങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉണ്ടായിരിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ സെന്റർ, ആറ്റിക്, കശുമാവ് ഗവേഷണ കേന്ദ്രം, അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കൊക്കോ റിസർച്ച് സ്റ്റേഷൻ, കണ്ണാറ ബനാന റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര അഗ്രികൾച്ചർ കോളേജ്, ഫോറസ്ട്രി കോളേജ്, പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രം, തുടങ്ങിയ സെന്ററിലെ ഉത്പന്നങ്ങൾ പ്രദർശനത്തിന് ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ (ATIC, Mannuthy), അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ **കേരഗംഗയുടെ** വലിയ തൈകളും, **പോളിബാഗ് തൈകളും** (മൊത്തം 200 എണ്ണം) ലഭ്യമാണ്. വില: വലിയ തൈ 325/-രൂപ പോളിബാഗ് 375/-രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല (വിവരങ്ങൾക്കായി 0487-2370540 - രാവിലെ 10 മുതൽ വൈകീട്ട് 5 വരെ ബന്ധപ്പെടാവുന്നതാണ്).

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാമിൽ **'തളിർ'** എന്ന വേനലവധിക്കാല കാർഷിക പ്രായോഗിക പ്രവർത്തി പരിചയ പരിശീലന പരിപാടി **മെയ് 5 മുതൽ 9 വരെ** സംഘടിപ്പിയ്ക്കുന്നു. കൂൺകൃഷി, നെൽകൃഷി, പച്ചക്കറികളുടെവിളവെടുപ്പ്, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ഫലവൃക്ഷങ്ങളുടെ കായിക

പ്രജനന രീതികളായ ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, അലങ്കാര സസ്യങ്ങളുടെ പുനരുൽപ്പാദനരീതികൾ എന്നിവ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. **5 മുതൽ 9ാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ്** അവസരം. രജിസ്ട്രേഷൻ ഫീസ് **1,000/-** മാത്രം. ഈ പരിപാടിയിലേയ്ക്ക് പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **9847465089, 7907803288** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര, മണ്ണുത്തി ക്യാമ്പസുകളിൽ 2025-2026 അധ്യയനവർഷം താഴെ പറയുന്ന പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ബി.എസ്.സി.-എം.എസ്.സി. ഇന്റെഗ്രേറ്റഡ് ബയോളജി, ബി.എസ്.സി.-എം.എസ്.സി. ഇൻഗ്രേറ്റഡ് മൈക്രോബയോളജി, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ്, ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തിയതി 31.05.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ ഓഫിസ് സമയത്ത് (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

5. കേരള കാർഷിക സർവകലാശാല പടന്നക്കാട് കാർഷിക കോളേജിൽ മലബാർ മാംഗോ ഫെസ്റ്റ് 2025 മെയ് മാസം ഒന്നു മുതൽ നാലു വരെ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശന വിപണനമേള, കാർഷിക സെമിനാറുകൾ, മാംഗോ ഫെസ്റ്റ്, ഫുഡ് കോർട്ട് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

6. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആറാം ഘട്ട പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ, സംസ്ഥാനത്തുടനീളം 2025 മെയ് 2 മുതൽ മെയ് 23 വരെ, 18 പ്രവൃത്തി ദിവസങ്ങളിലായി നടപ്പിലാക്കുകയാണ്. ക്യാമ്പെയിൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാലയളവായ 18 പ്രവൃത്തി ദിവസത്തിനുള്ളിൽ നൂറു ശതമാനം ഉരുക്കളേയും (eligible population) പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്.

7. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.എെ.ആർ.റ്റി.) വെച്ച് 2025 ഏപ്രിൽ 29 മുതൽ മെയ് 01 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## പരിശീലന പരിപാടി

8. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വെള്ളായണിയിൽ വച്ച് മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധനയിലും എന്ന വിഷയത്തിൽ 2025 ഏപ്രിൽ 29 ന് രാവിലെ 10 മണിക്ക് പരിശീലനം നൽകുന്നു. രജിസ്ട്രേഷനുകൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 6282936100, 85908 32179.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.എെ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ മെയ് 01, 02 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ : **training@rubberboard.org.in**.